# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *27 28.01.2019-ൽ മറുപടിക്ക്**

## പ്രളയാനന്തര കേരള പുന:സൃഷ്ടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.ഒ.ആർ.കേളു** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾക്കു പകരം മഴക്കാലത്തിനു മുമ്പായി പുതിയ വീടുകൾ നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) പ്രളയക്കെടുതിയിൽ പൂർണ്ണമായും നഷ്ടപ്പെട്ടതോ വാസ യോഗ്യമല്ലാതായതോ ആയ വീടുകൾക്ക് വീട്ടുടമകൾ തന്നെ വീട് പുനർനിർമ്മിക്കും എന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, സംസ്ഥാന ദുരന്ത പ്രതികരണനിധി എന്നിവയിൽ നിന്നും 4 ലക്ഷം രൂപയും ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടു പോയവർക്ക് സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. സംസ്ഥാനത്ത് പ്രളയക്കെടുതിയുടെ ഭാഗമായി നാശനഷ്ടം സംബന്ധിച്ചുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പുനർനിർമ്മാണം നടത്താൻ സന്നദ്ധരായി സർക്കാറിനെ സമീപിക്കുന്ന സന്നദ്ധസംഘടനകൾ, വ്യക്തികൾ, പ്രസ്ഥാനങ്ങൾ,കോർപ്പറേറ്റുകൾ എന്നിവർക്ക് നേരിട്ടോ ക്രൗഡ് ഫണ്ടിംങ് മുഖേനയോ സഹായം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെട്ടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള തുടർ പ്രവർത്തനങ്ങൾക്കായി ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുറമ്പോക്കിൽ താമസിച്ചിരുന്ന പ്രളയ ബാധിതർക്കും പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ദുരന്ത പ്രതികരണനിധിയിൽ നിന്നും ദുരിതാശ്വാസ |

സഹായം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾ പുനർനിർമ്മിക്കുന്നതിന് സഹകരണ വകുപ്പ് CARE Home എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രളയാനന്തര കേരള പുന:സൃഷ്ടി ക്കായി ആവിഷ്കരിച്ചിട്ടുള്ള റീ ബിൽഡ് കേരള ) പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (ബി കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യ ക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തന ക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവി ക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദമാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർ നിർമ്മി ക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br>പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹ ണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ മെച്ചപ്പെട്ട കാര്യക്ഷമതാ ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചു കൊണ്ട് കേരളാ പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽ പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽ നിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ |

നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. റീബിൽഡ് കേരള പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനായി മന്ത്രിസഭയുടെ കീഴിൽ ഒരു ഉപദേശക സമിതി,ഉന്നതതല അധികാരസമിതി, RKI നിർവ്വഹണസമിതി,RKI സെക്രട്ടേറിയറ്റ്, സ്ഥാപനതല പിന്തുണ സംവിധാനം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രശംസനീയമായ വിധം ദുരിതാ ശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയ പ്രളയ കാലത്തെ കൂട്ടായ്മ തകർക്കാനും സാലറി ചലഞ്ച് ഉൾപ്പെടെയുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ അട്ടിമറിക്കാനും നടത്തിയ ശ്രമങ്ങളെ അതിജീവിച്ചുകൊണ്ട് എല്ലാവരുടെയും സഹ കരണ ത്തോടെ നടത്താനുദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല പുനർ നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണ്; ഇതിന്റെ രൂപരേഖ തയ്യാറാക്കി പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ?

(സി) വിപുലമായ ആശയങ്ങളുടേയും നിർദ്ദേശങ്ങളുടേയും സമാഹരണവും പരിശോധനയും നടത്തിയാണ് ഉൾപ്പെടുത്തേണ്ട പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. ഇത്തരമൊരു വിപുലമായ സംരംഭത്തിൽ കൂട്ടാളികളാകാൻ തത്പരരായ എല്ലാവരുടേയും പങ്കാളിത്തം, യുവതയുടെ താത്പര്യം, അതിനായുള്ള നൂതനാശയങ്ങൾ, വിവിധ മേഖലകളിലെ വിപുലമായ അനുഭവസമ്പത്തിൽ നിന്ന് ഉളവാകുന്ന പരിജ്ഞാനങ്ങൾ എന്നിവ അർത്ഥവത്തായി സമന്വയിപ്പിച്ചു കൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന നടപടികൾ RKI നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ